പ്രകാശവചനം ● എ.കെ അബ്ദുസ്സലാം, കോട്ടപ്പള്ളി

# നരകത്തിലേക്ക് നയിക്കുന്ന **അഹങ്കാരം**

عَنْ حَارِثَة بن وَهَب الخُزَاعِيَّ قَالَ سَمِعْتُ النَّبِي ﷺ يَقُول ألا أُخْبِرُكُمْ بِأهْلِ الجَنَّةِ كُلُّ ضَعِيف مُتضَعِّفٍ لَوْ أقسَمَ

عَلَى الله لَابَرَّهُ ، ألا أخْبِرُكُمْ بِأهْلِ النَّارِ كُلُّ عُتُلٍ جَوَّاظٍ مُسْتَكْبِرٍ

ഹാരിസുബ്നു വഹബി(റ)ൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: നബി(സ) പറയുന്നത് ഞാൻ കേട്ടു: സ്വർഗാവകാശി ആരെന്ന് ഞാൻ നിങ്ങളെ അറിയിക്കട്ടെയോ? എളിമയുള്ള ദുർബലനാണവൻ. അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു പറഞ്ഞാൽ അതവൻ യാഥാർഥ്യമാക്കും. നരകാവകാശി ആരാണെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? പരുഷ സ്വഭാവിയും ദുഷ്ടനും അഹംഭാവിയുമായ ഓരോരുത്തനും (ബുഖാരി, മുസ്‌ലിം).

മനുഷ്യരെല്ലാം ഒരാണിൽനിന്നും പെണ്ണിൽനിന്നുമുള്ളവരാണ്. അതിനാൽ അവർ സമന്മാരുമാണ്. ജന്മനാ ആർക്കും ആരെക്കാളും ഒരു പ്രത്യേകതയുമില്ല. 'എല്ലാവരും ആദമിന്റെ സന്തതികളാണ്, ആദം മണ്ണിൽനിന്നുമാണ്' എന്ന പ്രവാചക വചനം മനുഷ്യസമത്വത്തെ സൂചിപ്പിക്കുന്നു. സത്യത്തെ തള്ളിക്കളയുകയും മറ്റുള്ളവരെ ചെറിയവരായി കാണുകയും ചെയ്യുന്നതാണ് കിബ്റ് അഥവാ അഹങ്കാരം. മനുഷ്യത്വത്തിനു യോജിക്കാത്ത ഒരു ദുർഗുണമാണത്. അണുമണിത്തൂക്കം അഹന്തയുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് നബി(സ) നമ്മെ പഠിപ്പിക്കുന്നു.

നല്ല വസ്ത്രം ധരിക്കുന്നതും മെച്ചപ്പെട്ട ജീവിതം നയിക്കുന്നതും സൗന്ദര്യം പ്രകടിപ്പിക്കുന്നതുമല്ല അഹങ്കാരം. സത്യത്തെ തള്ളിക്കളയുന്നതും താൻ മറ്റുള്ളവരെക്കാൾ വലിയവനാണെന്ന് നടിക്കുന്നതും സ്വഭാവത്തിലും പെരുമാറ്റത്തിലും ആ ധാരണ പുലർത്തുന്നതുമൊക്കെയാണ് അഹങ്കാരം. ഇബ്‌ലീസ് അല്ലാഹുവിന്റെ കൽപന ധിക്കരിക്കാനുണ്ടായ കാരണം അഹങ്കാരമാണ്. ആദമിനെക്കാൾ ശ്രേഷ്ഠനാണ് താനെന്ന അഹംഭാവം, ചെയ്ത തെറ്റിൽ ഖേദിച്ച് പശ്ചാതപിക്കുന്നതിൽനിന്നും അവനെ തടഞ്ഞു. ജീവിപ്പിക്കാനും മരിപ്പിക്കാനും തനിക്കു കഴിയുമെന്ന നംറൂദിന്റെ വാദവും ഈജിപ്തിന്റെ പരമാധികാരം തന്റെ കൈയിലാണെന്ന ഫിർഔനിന്റെ വീമ്പുപറച്ചിലും, അറേബ്യയിൽ വല്ല പ്രവാചകനും വരികയാണെങ്കിൽ അതിനർഹത തനിക്കാണുള്ളതെന്ന അബൂജഹ്‌ലിന്റെ വർത്തമാനവും അഹങ്കാരത്തിൽ നിന്നുടലെടുത്തതാണ്. പ്രവാചകന്മാർ കൊണ്ടുവന്ന സത്യം അംഗീകരിക്കുന്നതിൽനിന്നും ഇവരെപോലെ പലരെയും തടഞ്ഞതും അവസാനം അല്ലാഹുവിന്റെ കോപത്തിനവരെ ഇരയാക്കിയതും അഹങ്കാരമായിരുന്നെന്ന് ചരിത്രം സാക്ഷ്യം വഹിക്കുന്നു.

അല്ലാഹു പറഞ്ഞതായി നബി(സ) പറയുന്നു: "പ്രതാപം എന്റെ വസ്ത്രമാണ്, വമ്പ് എന്റെ തട്ടമാണ്. ആരെങ്കിലും അവയിലൊന്നിന്റെ പേരിൽ എന്നോട് മത്സരിക്കുന്നപക്ഷം ഞാൻ അവനെ ശിക്ഷിക്കുന്നതാണ്"(മുസ്‌ലിം). അഹങ്കരിക്കാൻ യഥാർഥത്തിൽ അർഹതയും അവകാശവുമുള്ളത് സർവശക്തനും നിരാശ്രയനുമായ അല്ലാഹുവിനു മാത്രമാണ്. ഏതൊരഹംഭാവിക്കും താൻ ഗൗനിക്കാത്തവരെ ഒരിക്കൽ ആശ്രയിക്കേണ്ടിവരും, അപ്പോൾ താനാണ് വലിയതെന്ന ഭാവം അവന് കൈയൊഴിക്കേണ്ടിവരും. അഹങ്കാരം നടിക്കുന്നവരുടെ പെരുമാറ്റത്തിൽ ദൃശ്യമാകുന്ന ദുർഗുണങ്ങളാണ് പരുഷതയും ക്രൂരതയും. മറ്റുള്ളവർ തന്നെക്കാൾ താഴ്ന്നവരാണെന്ന് ധരിക്കുന്നതിനാൽ അവരുമായി മാന്യമായും സൗമ്യമായും പെരുമാറാൻ അഹങ്കാരിക്ക് സാധിക്കുകയില്ല. മറ്റുള്ളവർ അവന്റെ ഏത് പെരുമാറ്റവും സഹിക്കാൻ ബാധ്യസ്ഥരാണെന്നവൻ കരുതുന്നു. ദയ, വിട്ടുവീഴ്ച, ഗുണകാംക്ഷ തുടങ്ങിയ ഗുണങ്ങൾ പ്രകടിപ്പിച്ചാൽ തന്റെ 'ഔന്നത്യ'ത്തിനു മങ്ങലേൽക്കുമോ എന്നവൻ ഭയപ്പെടുന്നു. അങ്ങനെ അഹങ്കാരത്തോടൊപ്പം മറ്റു പലതും അവന് അകമ്പടിയായി ഉണ്ടാകുന്നു. നബി(സ) പറഞ്ഞു: "അഹങ്കാരം, വഞ്ചന, കടം ഈ മൂന്ന് കാര്യങ്ങളിൽനിന്നും ഒഴിവായ നിലയിൽ മരണപ്പെടുന്നവൻ സ്വർഗത്തിൽ പ്രവേശിച്ചു"(തിർമുദി).

എവിടെയും 'ഞാൻ, ഞാൻ' എന്ന ഭാവം പ്രകടിപ്പിക്കുകയും തന്നെ മറ്റുള്ളവരിൽനിന്ന് വേർതിരിച്ച് കാണുകയും ചെയ്യുന്ന സ്വഭാവമുള്ള ആളുകൾ ജനങ്ങളിൽനിന്നും ഒറ്റപ്പെടുന്നതുപോലെ അല്ലാഹുവിൽനിന്നും ഒറ്റപ്പെടുകയും അകലുകയും ചെയ്യും. ഒടുവിലവരെ കാത്തിരിക്കുന്നതാവട്ടെ നരകശിക്ഷയുമായിരിക്കും. ■